# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 738 — 28-09-2011-ൽ മറുപടിയ്ക്ക്

## **മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| **(എ)** ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ് ; വിശദാംശം അറിയിക്കുമോ; | **(എ)** ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ:<br>1) വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ആദിച്ചനല്ലൂർ പഞ്ചായത്തിൽ ഇത്തിക്കര പാലത്തിന് താഴ്ഭാഗം ഇത്തിക്കരയാറിന്റെ വലതു കരയുടെ തീര സംരക്ഷണ പണികൾ-തുക: 9,87, 735/- രൂപ<br>2) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെടുത്തി ആദിച്ചനല്ലൂർ പഞ്ചായത്തിനും അജ്മിയ മൻസിലിനും അടുത്തായി ഇത്തിക്കര യാറിന്റെ വലതു കരയുടെ സംരക്ഷണ പണികൾ-തുക: 1,36,02,137 രൂപ<br>3) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെടുത്തി കല്ലുവാതുക്കൽ പഞ്ചായത്തിൽ കോട്ടയ്ക്കകം പി.ഡബ്ല്യൂ.ഡി കടത്തുകടവിന് സമീപം ഇത്തിക്കരയാറിന്റെ ഇടതു കരയുടെ സംരക്ഷണ പണികൾ- തുക 20.50 ലക്ഷം രൂപ<br>(പ്രവർത്തി ടെൻഡർ ചെയ്യെങ്കിലും ആരും ഏറ്റെടുക്കാത്തതിനാൽ പുതിയ റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ) |
| **(ബി)** 2011-12 വർഷത്തിൽ പുതുതായി ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുത്തി ട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളാണെന്ന് അറിയിക്കുമോ? | **(ബി)** 2011-12 വർഷത്തിൽ 11 പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br>1) ആദിച്ചനല്ലൂർ പഞ്ചായത്തിൽ കെ.ഐ.പി അക്വഡക്റ്റിനു സമീപം ഇത്തിക്കരയാറിന്റെ തീരസംരക്ഷണ പണികൾ - തുക 15 ലക്ഷം രൂപ<br>2) കല്ലുവാതുക്കൽ പഞ്ചായത്തിൽ അടുതല പാലത്തിന് താഴ്ഭാഗത്തായി ഇത്തികര |

യാറിൽ ഒരു സെ.മീ പെർമനന്റ് ചെക്ക് ഡാമിന്റെ നിർമ്മാണം തുക- 1.69 കോടി രൂപ

3) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെട്ടുത്തി ആദിച്ചനല്ലൂർ പഞ്ചായത്തിൽ കാക്കപ്പണ ഭാഗത്ത് ഇത്തിക്കരയാറിന്റെ തീര സംരക്ഷണ പണികൾ - തുക 18.10 ലക്ഷം രൂപ

4) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെട്ടുത്തി ആദിച്ചനല്ലൂർ പഞ്ചായത്തിൽ ഇത്തിക്കരയാറിൽ ചെയിനേജ് 100 മുതൽ 165 മീറ്റർ വരെയുള്ള ഭാഗങ്ങളിലെ തീര സംരക്ഷണ പണികൾ - തുക 18.10 ലക്ഷം രൂപ

5) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെട്ടുത്തി ആദിച്ചനല്ലൂർ പഞ്ചായത്തിൽ ഇത്തിക്കര പാലത്തിനു മുകൾ ഭാഗത്തായി ഇത്തിക്കരയാറിന്റെ തീര സംരക്ഷണ പണികൾ - തുക 38.60 ലക്ഷം രൂപ

6) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെട്ടുത്തി ചാത്തന്നൂർ പഞ്ചായത്തിൽ ആർ.സി.ഫാക്ടറിക്ക് സമീപം ഇത്തിക്കര യാറിന്റെ തീര സംരക്ഷണ പണികൾ - തുക 18.10 ലക്ഷം രൂപ

7) ആർ.എം.എഫ് സ്കീമിൽ ഉൾപ്പെട്ടുത്തി കല്ലുവാതുക്കൽ പഞ്ചായത്തിൽ വെളിനല്ലൂർ അമ്പലത്തിനു എതിർവശത്തായി ഇത്തിക്കരയാറിന്റെ തീര സംരക്ഷണ പണികൾ - തുക 23.50 ലക്ഷം രൂപ

8) ചാത്തന്നൂർ പഞ്ചായത്തിൽ കുമ്മല്ലൂർ പാലത്തിനു മുകൾ ഭാഗത്തായി ഇത്തിക്കര യാറിന്റെവലതുകരയുടെ തീര സംരക്ഷണ പണികൾ - തുക 41.00 ലക്ഷം രൂപ

9) ചാത്തന്നൂർ പഞ്ചായത്തിൽ വെല്ലൂർ പനയുടെ താഴ് ഭാഗത്തായി ഇത്തിക്കര യാറിന്റെ ഇടതുകരയുടെ തീര സംരക്ഷണ പണികൾ - തുക 41.00 ലക്ഷം രൂപ

10) ആദിച്ചനല്ലൂർ പഞ്ചായത്തിൽ മൂഴിയിൽ ഭാഗത്തിനടുത്തായി ഇത്തിക്കരയാറിന്റെ വലതുകരയുടെ സംരക്ഷണ പണികൾ - തുക 44.55 ലക്ഷം രൂപ

11) ആദിച്ചനല്ലൂർ പഞ്ചായത്തിൽ മരംകുഴി ഭാഗത്ത് ഇത്തിക്കരയാറിന്റെ വലതുകരയുടെ സംരക്ഷണ പണികൾ - തുക 47.39 ലക്ഷം രൂപ

സെക്ഷൻ ഓഫീസർ